**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3646** **14-07-2022 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് സർക്കാർ ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം 2016-21 കാലയളവിൽ എത്ര പേർക്ക് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ; | (എ) | **കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം 2016-21 കാലയളവിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**2016:-**<br><br>**2009 വർഷത്തെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായുള്ള കബഡിയിനത്തിലെ ഒഴിവിൽ ശ്രീ.രാജേഷ്.ഒ.കെയ്ക്ക് സാമൂഹ്യ നീതി വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.**<br><br>**2017:-**<br><br>**35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.**<br><br>**2019:-**<br><br>**മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് 2007-ലെ സ്പെഷ്യൽ** |

| | | | |
|---|---|---|---|
| | | | **ഒളിമ്പിക്സിൽ അക്വാട്ടിക്സ് വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിന് വേണ്ടി മെഡൽ നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.**<br><br>**<u>2020:-</u>**<br><br>**മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.**<br><br>**<u>2021:-</u>**<br><br>**35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി,/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.**<br><br>**<u>2022:-</u>**<br><br>**35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റോവിംഗ് ടീം ഇനത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ശ്രീ.സുഭാഷ്.കെ.കെയ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.** |
| (ബി) | ഈ കാലയളവിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ എത്ര കായികതാരങ്ങൾക്ക് തൊഴിൽ നൽകിയെന്നും തൊഴിൽ ലഭിച്ചവരുടെ | (ബി) | **2021-22 കാലയളവിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ മൂന്ന് കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ട്. അവരുടെ പേരും** |

| | | | |
|---|---|---|---|
| | പേരുവിവരങ്ങളും സ്ഥാപനങ്ങളുടെ വിശദാംശവും പട്ടികപ്പെടുത്തി ലഭ്യമാക്കാമോ? | | **വിവരങ്ങളും സ്ഥാപനങ്ങളുടെ വിശദാംശങ്ങളും <u>അനുബന്ധമായി</u> ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പേരും മേൽവിലാസവും | ജോലി ലഭിച്ച വർഷം | സ്ഥാപനം |
|---|---|---|---|
| 1) | നിഷാന്ത്.ഇ<br>ഇടശ്ശേരി, വളപ്പിൽ (ഹൗസ്)<br>അമല നഗർ.പി.ഒ, ചൂരക്കാട്ടുകര,<br>തൃശ്ശൂർ - 680 555 | 2020 | പൊതുവിദ്യാഭ്യാസ വകുപ്പ് |
| 2) | മെറിൻ.കെ.എ<br>കവലക്കാട്ട് ഹൗസ്, കുറ്റൂർ.പി.ഒ<br>കൊട്ടേക്കാട്, തൃശ്ശൂർ - 680 013 | 2020 | പൊതുവിദ്യാഭ്യാസ വകുപ്പ് |
| 3) | അജിത്.കെ.ആർ<br>കൊണ്ടോളി ഹൗസ്<br>പാമ്പൂർ. കുറ്റൂർ,.പി.ഒ<br>തൃശ്ശൂർ - 680 013 | 2020 | പൊതുവിദ്യാഭ്യാസ വകുപ്പ് |

(ഒപ്പ്)
സെക്ഷൻ ഓഫീസർ